# കടക്കൽ വീട്ടമ്മയുടെ കൊലപാതകം പ്രതി അറസ്റ്റിൽ



കടക്കൽ മാർക്കറ്റിന് സമീപം 14.01.2018 ൽ ദുരൂഹസാഹചര്യത്തിൽ മരിച്ച 60 വയസുള്ള സീതാമണിയുടെ ഘാതകൻ അറസ്റ്റിൽ. തിരുവനന്തപുരം നെല്ലനാട് വില്ലേജിൽ വെഞ്ഞാറമ്മൂട് തൈക്കാട് എന്ന സ്ഥലത്ത് കെ.പി. ഹൗസിൽ അബ്ദുൾ റഷീദ് മകൻ 50 വയസുള്ള റഹീമിനെയാണ് കടക്കൽ പോലീസ് അറസ്റ്റ് ചെയതത്. 14.01.18 വീട്ടിനുള്ളിൽ പുഴുവരിച്ച് ദുർഗന്ധം വമിക്കുന്ന രീതിയിൽ കത്തിയ മൃദദേഹം പോസ്റ്റുമാർട്ടത്തിൽ തലക്കേറ്റ ആഴത്തിലുള്ള മുറിവാണ് മരണകാരണമെന്ന് കണ്ടെത്തുകയും അന്നും തന്നെ സ്ഥലം സന്ദർശിച്ച ജില്ലാ പോലീസ് മേധാവി ബി.അശോകൻ ഐ.പി.എസ് കേസന്വേഷണത്തിനായി പ്രത്യേക ടീമിനെ നിയോഗിക്കുകയും പ്രതിയെ പിടികൂടുകയുമായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ താൽകാലിക ജീവനക്കാരനായി ജോലി നോക്കിയിരുന്ന പ്രതി ചികിത്സക്ക് ചെന്ന സീതാമണിയുമായി പരിചയത്തിലാകുകയും സീതാമണിയുമായി പണമിടപാട് നടത്തുകയും പതിവായിരുന്നു. അന്നേ ദിവസം പണം ചോദിച്ചെത്തിയ പ്രതിക്ക് പണം നിഷേധിച്ചതിലുള്ള വൈരാഗ്യം നിമിത്തം അടുക്കളയിലിരുന്ന ഇടികല്ല് ഉപയോഗിച്ച് തലക്കിടിച്ച് കൊലപ്പെടുത്തുകയും തലയിണ ഉപയോഗിച്ച് മുഖത്ത് അമർത്തി മരണം ഉറപ്പാക്കുകയുമായിരുന്നു. തുടർന്ന് സീതാമണിയുടെ മൊബൈലുകളും ശരീരത്തിലുായിരുന്ന മാലയും വളകളും ഊരിയെടുത്ത ശേഷം അലമാരയിലിരുന്ന 23000/- രൂപയും കൈക്കലാക്കി അന്വേഷണം വഴിമുട്ടിക്കാനായി കക്കുസിലും മറ്റും ഉപയോഗിക്കുന്ന ലോഷൻ മൃതദേഹത്തിലും പരിസരത്തും തളിക്കുകയും കളഞ്ഞ് കിട്ടിയ പേഴ്സും ചില ഫോൺനമ്പരുകളും യുവാവിന്റേയും യുവതിയുടേയും ഫോട്ടോയും സ്ഥലത്ത് ഉപേക്ഷിച്ച് വീട് പൂട്ടി താക്കോൽ വലിച്ചെറിഞ്ഞ് കടന്നുകളയുകയായിരുന്നു. അന്വേഷണ സംഘത്തിൽ ഡി.വൈ.എസ്.പി മാരായ കൃഷ്ണകുമാർ, എം. അനിൽകുമാർ ഷാഡോ എസ്.ഐ ബിനോജ്, ജി.എസ്.ഐ ശിവശങ്കരപിള്ള, ജി.എ.എസ്.ഐ മാരായ സി. ഷാജഹാൻ, ബി.അജയകുമാർ, ആഷിർ കോഹൂർ, കെ.രാധാകൃഷ്ണപിള്ള, സി.എസ്.ബിനു എന്നിവരടങ്ങുന്ന അന്വേഷണ സംഘമായിരുന്നു പ്രതിയെ പിടികൂടിയത്.